(ഡി&ഇ) ഉണ്ട്. 12-7-2013-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ 339/2013/ധന ഉത്തരവ് പ്രകാരം 1-4-2013 മുതൽ അന്നത്തെ കലാകാര പെൻഷൻ തുകയായ 550 രൂപയിൽ നിന്നും 650 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 26-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 25/14/സാം.ക.വ. ഉത്തരവ് പ്രകാരം 1-4-2014 മുതൽ 650 രൂപയിൽ നിന്നും 750 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

കത്തിയോട്ട പരിശീലന കേന്ദ്രം

78 (1478) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏറെ പ്രശസ്തമായ അനുഷ്ഠാനകലയായ കത്തിയോട്ട ചുവടും പാട്ടും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പരമ്പരാഗത കത്തിയോട്ട ആശാൻമാരുടെ മേൽ നോട്ടത്തിൽ ഓണാട്ടുകരയിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കത്തിയോട്ട പരിശീലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കത്തിയോട്ട ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ കലാകാരൻമാർക്കും സ്റ്റൈപ്പന്റ്, പെൻഷൻ, ചികിത്സാ സഹായം എന്നിവ നൽകിവരുന്നു. ഈ കലാരൂപം പരിപോഷിപ്പിക്കുന്നതിനായി അക്കാദമി പ്രത്യേക പരിഗണന നൽകുന്നുണ്ട്. എന്നാൽ ഓണാട്ടുകരയിൽ കത്തിയോട്ട പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊച്ചിൻ ബിനാലെ പദ്ധതി

79 (1479) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ബിനാലെ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചത് ഏത് കാലയളവിലാണ് ; ഇത് സംബന്ധിച്ച ആദ്യ മന്ത്രിസഭാ തീരുമാനം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly